# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /1630/2022 കെ.എസ്.എ/കെ.എൻ.ആർ/സി.10

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /1630/2022 കെ.എസ്.എ/കെ.എൻ.ആർ/സി.10 തീയ്യതി: 15/02/2023

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2022 മുതൽ 05-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 16-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2022 | 16-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ ,ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ

ശ്രീ.ഷഹീൻ.പി,അസി.ഓഡിറ്റ് ഓഫീസർ..

ശ്രീ.ആൽബർട്ട് ജോസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി.വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീമതി. പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അശോകൻ മലപ്പിലായി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രമേഷ്.പി.കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ജീജ.പി.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അനീഷ് കുമാർ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ചഷ്മ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ധനലക്ഷ്മി | ഹെഡ് മാസ്റ്റർ | 01-04-2021 | 04-11-2021 |
| ശ്രീ.രാധാകൃഷ്ണൻ | ഹെഡ് മാസ്റ്റർ | 05-11-2021 | 31-03-2022 |
| ശ്രീമതി.രാജശ്രീ.എസ് | കൃഷി ഓഫീസർ | 01-04-2021 | 14-06-2021 |
| ശ്രീമതി.രേഖ.കെ.ജെ | കൃഷി ഓഫീസർ | 15-06-2021 | 31-03-2022 |
| ശ്രീ.ജെയിംസ് | വി.ഇ.ഒ (തില്ലങ്കേരി) | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി.സി.ജി | വി.ഇ.ഒ (പള്ളിയം) | 01-04-2021 | 31-03-2022 |
| ഡോ.ദർശന.യു | വെറ്റിനറി സർജൻ | 01-04-2021 | 03-11-2021 |
| ഡോ.ഷിബു.പി.എൻ | വെറ്റിനറി സർജൻ | 04-11-2021 | 31-03-2022 |
| ശ്രീമതി. പ്രസന്ന കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിന്റോ അലക്സ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | വാര്‍ഷിക കണക്കിലെ അപാകങ്ങള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | സ്രോതസ്സില്‍ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യിട്ടില്ല | 1-6-1 |
| 9 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 10 | ഗ്രാമ സഭ | 1-8 |
| 11 | ക്യാഷ് ബാലന്‍സ് പരിശോധന സാക്ഷ്യപത്രം | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 13 | വര്‍ക്കിംഗ് ഗ്രൂപ്പുകളുടെ പ്രവര്‍ത്തനം കൂടുതല്‍ കാര്യക്ഷമമാക്കണം | 1-11 |
| 14 | എഫ് ടി ഇ&ഒ എസ് ലൈസന്‍സ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരില്‍ നിന്നും തൊഴില്‍നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 15 | മൊബൈല്‍ ടെലഫോണ്‍ ടവര്‍ - വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-13 |
| 16 | വാടക കുടിശ്ശിക ഈടാക്കിയത്- വാര്‍ഷിക കണക്കില്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-14 |
| 17 | ദുരിതാശ്വാസ നിധി -അര്‍ഹതപ്പെട്ടവരെ കണ്ടെത്തി സഹായം അനുവദിക്കുന്നില്ല. | 1-15 |
| 18 | എഫ് ടി ഇ & ഒ എസ് ലൈസന്‍സ് അനുവദിക്കുന്നതിലെ അപാകങ്ങള്‍ | 1-16 |
| 19 | കേരള മെഡിക്കല്‍ സര്‍വീസ് കോര്‍പ്പറേഷനില്‍ നിന്നും 142443രൂപയുടെ മരുന്നുകള്‍ ലഭ്യമായിട്ടില്ല. | 1-17 |
| 20 | ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി (സ്പില്‍ ഓവര്‍)- ചെലവ് രേഖകള്‍ ലഭ്യമല്ല ₹221744 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 21 | ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി-(പുതിയത്) ചെലവ് രേഖകള്‍ ലഭ്യമല്ല 92738 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 22 | ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി (സ്പില്‍ ഓവര്‍)- വിനിയോഗ വിവരം ലഭ്യമല്ല. 170862 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 23 | മഴക്കാല പൂര്‍വ ശുചീകരണം-വിനിയോഗ വിവരം ലഭ്യമല്ല 2,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 24 | ക്ഷീരകര്‍ഷകര്‍ക്ക് പാലിന് സബ്സിഡി-അര്‍ഹമായ ആനുകൂല്യം നല്‍കാന്‍ | 1-22 |

| | | |
|---|---|---|
| | കഴിഞ്ഞില്ല | |
| 25 | ആർജിതാവധി സറണ്ടർ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് | 1-23 |
| 26 | സർക്കാർ നിർദ്ദേശത്തിന് അനുസരിച്ചല്ലാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - സർക്കാറിന്റെ തുടർ നിർദ്ദേശങ്ങൾ അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 27 | കുടിവെള്ള വിതരണം - ആദായനികുതി കുറവ് ചെയ്യേണ്ടതാണ്. | 1-25 |
| 28 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ - അപാകങ്ങൾ | 1-26 |
| 29 | വികസനഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ചെലവ് നടത്തി. | 1-27 |
| 30 | ഹൈമാസ്റ്റ് ലൈറ്റ് എ എം സി അപാകങ്ങൾ | 1-28 |
| 31 | ആനുവൽ മെയിന്റെനൻസ് കോൺട്രാക്ടിലെ അപാകങ്ങൾ | 1-29 |
| 32 | ഡഫേർഡ് സാലറി തിരികെ നൽകിയതിൽ എൻ.പി.എസ് വിഹിതം ഈടാക്കിയിട്ടില്ല. | 1-30 |
| 33 | ടാർ ബാരലിന്റെ വില 1904 രൂപ മെയിന്റയിനൻസ് റോഡ് ഫണ്ടിലേയ്ക്കും ജി എസ് ടി ഇനത്തിൽ ഈടാക്കേണ്ട തുകയായ 343രൂപ ജി എസ് ടി ഫണ്ടിലും ഒടുക്കു വരുത്തേണ്ടതാണ്. | 1-31 |
| 34 | ഭരണസമിതി തീരുമാനമോ സപ്ലിമെന്ററി എഗ്രിമെന്റോ തയ്യാറാക്കാതെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകി | 1-32 |
| 35 | ജി.എസ്.ടി.തുകയുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതിയുടെ 22-2-2021 ലെ 1/73/21 നമ്പർ യോഗതീരുമാന പ്രകാരം അംഗീകരിച്ച 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| | ബജറ്റ് തുക | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുൻബാക്കി | 2155797.80 | 776366 |
| വരവ് | 334430000 | 179096253 |
| ആകെ വരവ് | 336585797.80 | 179872619 |
| ചെലവ് | 335560000 | 178457392 |
| നീക്കിയിരിപ്പ് | 1025797.80 | 1415227 |

ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രതീക്ഷിതവും, യഥാർത്ഥവുമായ വരവ് ചെലവ് കണക്കുകളുടെ അന്തരത്തിലൂടെ വ്യക്തമായി ബോധ്യമാവുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ അവധാനത കാട്ടേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 17/5/22 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് തൻവർഷ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെലവ് പത്രിക എന്നിവ പ്രകാരം ആകെ 3461233 രൂപയാണ് എന്നാൽ വാർഷിക കണക്ക് (I-6) , (RP-7) എന്നീ ഷെഡ്യൂളുകൾ പ്രകാരം 3333783 രൂപയാണ്. 1,27,450 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2- ധനകാര്യകമ്മിഷൻ അവാർഡ് അൺടൈഡ് ബേസിക് തൻവർഷ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെലവ് പത്രിക എന്നിവ പ്രകാരം ആകെ 2057263 രൂപയാണ് എന്നാൽ വാർഷിക കണക്ക് (I-6) പ്രകാരം 2087455 രൂപയാണ്. 30192 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

3- പെർഫോമൻസ് ഗ്രാന്റ് (സ്പിൽ ഓവർ പ്രോജക്കുകളുടേത്) ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെലവ് പത്രിക എന്നിവ പ്രകാരം ആകെ ചെലവ് 1326337 രൂപയാണ് എന്നാൽ വാർഷിക കണക്ക് (I-6), (RP-7) എന്നീ ഷെഡ്യൂളുകൾ പ്രകാരം 10,38,498 രൂപയാണ്. 287839 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5- വാർഷിക കണക്ക് പ്രകാരം എം.ജി.എൻ.അർ.ഇ.ജി.എസ് റവന്യൂ ചെലവ് 42959565 (I-6ഷെഡ്യൂൾ ) രൂപയും മൂലധന ചെലവ് 15074839 രൂപയും (B-3 ഷെഡ്യൂൾ ) ഉൾപ്പെടെ ആകെ 5,62,26,000 രൂപയാണ്. എന്നാൽ എം.ജി.എൻ.അർ.ഇ.ജി.എസ് ഫിനാൻസ് പെർഫോമൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ ആകെ ചെലവ് 5,77,72,000 രൂപയാണ്. 15,46,000 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

6- ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 17,44,621 രൂപയാണ് എന്നാൽ വാർഷിക കണക്ക് (I-6ഷെഡ്യൂൾ) പ്രകാരം 17,11,639 രൂപയാണ്. 32,982 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

7-വാർഷിക കണക്കിൽ താഴെ പറയുന്ന ശീർഷകങ്ങളിൽ കാണിച്ച തുകകൾ ഏത് ഇനത്തിൽ വരവ് വന്നതാണെന്ന് വ്യക്തമല്ല

| ക്രമ നമ്പർ | ഇനം | ഷെഡ്യൂൾ | കോഡ് | തുക |
|---|---|---|---|---|
| 1 | Development Fund CFC Tide | RP -7 | 160100109 | 1941 |

| | | | | |
|---|---|---|---|---|
| 2 | Centrally Sponcered Scheme<br>Grants Funds & Contributions For Specific – Central Government | B-4 | 320100199 | 12000 |
| 3 | Development Fund CFC Grant Tide | B-4 | 320200211 | 37,482 |
| 4 | Best Panchayat Award | RP -7 | 160100803 | 3,00,000 |
| 5 | Prior Period Programme Expenses | I-18 | 280800501 | (741708) |
| 6 | Prior Period Miscellaneous Expenses | 1-18 | 280800701 | (446197) |

8-സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് ആവശ്യത്തിന് ഏത് വർഷം വരവ് വന്നതാണെന്നും വിനിയോഗിക്കാത്ത തുകകൾ തിരിച്ചടക്കാത്തതിന്റെ കാരണവും വ്യക്തമല്ല.

| ക്രമ നമ്പർ | ഇനം | ഷെഡ്യൂൾ | കോഡ് | തുക |
|---|---|---|---|---|
| 1 | Contribution To Joint Venture Project ( For Capital Expenditure ) From Block Panchayat | B-4 | 320700104 | 970714 |
| 2 | Contribution To Joint Venture Project ( For Capital Expenditure ) From District Panchayat | B-4 | 320700105 | 100000 |
| 3 | Contribution To Joint Venture Project ( For Revenue Expenditure ) From Block Panchayat | B-4 | 320700204 | 54000 |
| 4 | Contribution To Joint Venture Project ( For Revenue Expenditure ) From District Panchayat | B-4 | 320700204 | 501237 |

9-ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10- ആസ്തി, ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11- 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

12- എം.ജി.എൻ.ആർ.ജി.ഇ.എസ്. കാഷ് ബുക്ക് പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയ ഭരണ നിർവ്വഹണ ചെലവ് 1073302 രൂപയാണ്. എന്നാൽ വാർഷിക കണക്ക് B18 അദർ അഡ്വാൻസസ് എന്ന ശീർഷകത്തിൽ കാണിച്ചത് 1076952 രൂപയാണ്. 3650 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

13- ബാലൻസ് ഷീറ്റ് ബി - 5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കാനുള്ള ഹഡ്കോ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക 6,403,999 രൂപ മുൻ വർഷം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഹഡ്കോ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക<br>( ബാലൻസ് ഷീറ്റ് ബി - 5 ഷെഡ്യൂൾ 2020-21) | 6908275 |
| തൻവർഷം ഒടുക്കിയ തുക ( സോഴ്സിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത തുക ) | 498667 |
| ഹഡ്കോ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക (6908275-498667) | 6409608 |
| വ്യത്യാസം ( 6,403,999-6409608) | 5609 |

14- ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റീടെൻഷൻ തുക നീക്കിയിരിപ്പ് 150666 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി -7 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി കാണിച്ചത് 161863 രൂപയാണ്.

15- പ്രോജക്ട് നമ്പർ 144/22 സ്ട്രീറ്റ്മെയിൻ ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 930700 രൂപ വാർഷിക കണക്കിൽ അഡ്വാൻസ് /ഡെപ്പോസിറ്റ് ശീർഷകത്തിൽ കാണിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് 2022-23 സാമ്പത്തിക വർഷമാണ്.
അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (24/14-11-2022, 33/15-11-2022) മറുപടി ലഭിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും പരിഹരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6701109.30 |
| വരവ് തുക | 49767598 |
| ആകെ | 56468707.30 |
| ചെലവ് തുക | 50469749 |
| നീക്കിയിരിപ്പ് | 5998958.30 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 745344 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 0 | 1,19,11,000 | 1,19,11,000 | 1,16,76,454 | 2,34,546 |
| വികസനഫണ്ട് എസ്.സി.പി | | 0 | 6,59,000 | 6,59,000 | 6,59,000 | 0 |
| വികസനഫണ്ട് 'ടി എസ് പി ' | | 0 | 13,52,000 | 13,52,000 | 13,27,946 | 24,054 |
| മെയിന്റനൻസ് റോഡ് | | 0 | 86,42,000 | 86,42,000 | 44,30,161 | 4211839 |
| മെയിന്റനൻസ് നോൺറോഡ് | | 0 | 48,47,268 | 48,47,268 | 34,61,233 | 13,86,035 |
| ധനകാര്യ കമ്മീഷൻ അവാർഡ് -അൺടൈഡ് ബേസിക് | | 0 | 2218000 | 2218000 | 2057263 | 160737 |
| ധനകാര്യ കമ്മീഷൻ അവാർഡ് -ടൈഡ് | | 0 | 4851226+ 35106 (പലിശ) | 4886332 | 4683529 | 202803 (4914+197889) |
| എംജിഎൻ | ഭരണചെലവ് | 1638 | 2068006 | 2069644 | 1808404 | 261240 |

| | | | | | | |
|---|---|---|---|---|---|---|
| ആർഇജിഎസ് | തൊഴിലാളി കളുടെകൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 54417596 | 54417596 | 54417596 | 0 |
| ഐസിഡിഎസ് | | 571611 | 761913 | 1333524 | 662277 | 671247 |
| ടോട്ടൽ സാനിറ്റേഷൻ | | 56724 | 300458 | 357182 | 300458 | 56724 |
| ശുചിത്വ മിഷൻ | | 897146 | 1,30,000 | 1027146 | 425000 | 602146 |
| ബഡ്സ് സ്കൂൾ | | 0 | 12,50,000 | 12,50,000 | 12,50,000 | 0 |
| കുടിവെള്ളം | | 10000 | 0 | 10000 | 0 | 10000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- | | 12000 | 0 | 12000 | 0 | 12000 |
| വിമുക്തി | | 33460 | 0 | 33460 | 0 | 33460 |
| ഇലക്ഷൻ | | 10,000 | 0 | 10,000 | 0 | 10,000 |
| മൃഗ സംരംക്ഷണം | | 965 | 0 | 965 | 0 | 965 |
| സാക്ഷരത | | 2996 | 88 | 3084 | 0 | 3084 |
| ആയുർവേദാശുപത്രി നവീകരണം | | 38,334 | 0 | 38,334 | 0 | 38,334 |

ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും മുഴുവൻ ഫണ്ടുകളുടെയും വരവ് ചെലവ് കണക്കുകൾ എഴുതിയിട്ടില്ല. ഇത് കാരണം എല്ലാ ഫണ്ടുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 146 | 76745333 | 135 | 3439236 | 120 | 15 | 11 | 82 |

| ക്രമനമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 2622497 | 7 | 1437769 | 7 | 55 |
| 2 | വെറ്റിനറിസർജൻ | 2660089 | 10 | 1496589 | 10 | 56 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 3352566 | 10 | 2479871 | 9 | 74 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദം) | 548500 | 5 | 548496 | 5 | 100 |
| 5 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ( തില്ലങ്കേരി ) | 32012000 | 8 | 3141241 | 8 | 10 |
| 6 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ( പള്ള്യം ) | 944866 | 5 | 594866 | 4 | 63 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4406147 | 10 | 4314812 | 10 | 98 |
| 8 | സെക്രട്ടറി | 6004068 | 31 | 4806999 | 27 | 80 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 20181855 | 44 | 13902946 | 39 | 69 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 912640 | 9 | 884329 | 9 | 97 |
| 11 | ഹെഡ്മാസ്റ്റർ, | 257146 | 5 | 247668 | 5 | 96 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2842959 | 2 | 536800 | 2 | 18 |
| | | 76745333 | 146 | 34392386 | 135 | 45 |

മെഡിക്കൽ ഓഫീസർ ആയുർവ്വേദ, കൃഷി ഓഫീസർ, വി.ഇ.ഒ. (തില്ലങ്കേരി), ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വെറ്റിനറി സർജ്ജൻ, അസി.സെക്രട്ടറി, ഹെഡ്മാസ്റ്റർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നിവർ അടങ്കൽ വച്ച എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്.എന്നാൽ വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (തില്ലങ്കേരി) 10% വും,ഡയറി ഫാം ഇൻസ്ട്രക്ടർ 18% ഉക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.പദ്ധതികൾ ഭാഗികമായി മാത്രം നിർവഹിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് സ്പിൽ ഓവർ ഉൾപ്പെടെ 3 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നെൽകൃഷി വികസനത്തിനായി 2622497രൂപ അടങ്കൽ വച്ചിരുന്നെങ്കിലും 1437769 രൂപമാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.ആകെ അടങ്കൽ തുകയുടെ 45% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ എന്നത് പോരായ്മയാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ നിശ്ചയിച്ച ബഡ്സ് സ്കൂൾ പ്രവർത്തനം ഈ വർഷവും ആരംഭിക്കാത്തത് പോരായ്മയാണ് . ജില്ലാ പഞ്ചായത്ത് വിഹിതം,ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഭാഗികമായി മാത്രം ലഭിച്ചതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ പാലുൽപാദന സബ്‌ഡിഡി ഭാഗികമായി മാത്രമേ നൽകിയിട്ടുള്ളൂ. ശ്മശാന നിർമ്മാണം, പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകൾക്ക് കൂടി സേവനം നൽകുന്നതിനാൽ ആയതിൽ നിന്നും പഞ്ചായത്തിനു മികച്ച വരുമാനവും ലഭിക്കുന്നുണ്ട്. എസ് സി പി,ടി എസ് പി ഫണ്ടുകൾ 90%ന് മുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്.പട്ടികജാതി-പട്ടിക വർഗ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ളതും, മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | ചെലവിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | ഭരണ ചെലവ് | 1638 | 2068006 | 2069644 | 1808404 | 261240 |
| | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ | 0 | 54417596 | 54417596 | 5441796 | |
| | ആകെ | 1638 | 56485602 | 56487240 | 56226000 | 261240 |

തൊഴിൽ കാർഡിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 3298
തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം 2056
100 ദിവസം തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 550
200 ദിവസം തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 2
തൊഴിൽ കാർഡിന് രജിസ്റ്റർ ചെയ്ത പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6-1 സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ് ) കുറവ് ചെയ്തിട്ടില്ല

250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതുണ്ട്. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജി.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നംപർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക. താഴേകാണിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി കുറവ് ചെയ്യേണ്ടതുണ്ട്.

| | പ്രവൃത്തി | എംബുക്ക് നംപർ | പ്രവൃത്തിമൂല്യം | മെറ്റീരിയൽ ചെലവ് | 2% ജിഎസ് ടി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | RC 363071 തെക്കെ പൊയിൽ കരിയിൽ റോഡ് കോൺക്രീറ്റിംഗ് | 165/21-22 | 499788 | 407559 | 8151 |
| 2 | RC/347130 തലച്ചങ്ങാട് കുനമ്പത്ത് റോഡ് കോൺക്രീറ്റിംഗ് | 125/21-22 | 499016 | 404276 | 8086 |
| 3 | RC 363090 ആലയാട് കുന്നമ്മൽ റോഡ് കോൺക്രീറ്റിംഗ് | 157/21-22 | 499842 | 407559 | 8151 |
| 4 | RC360692 മാനിക്കുന്ന് അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 131/21-22 | 499668 | 400291 | 8006 |
| 5 | RC363102 ഇടിക്കുണ്ട് നെല്ലിവളപ്പ് റോഡ് കോൺക്രീറ്റിംഗ് | 159/21-22 | 498695 | 407569 | 8152 |
| 6 | RC/347057 വാഴയിൽ ചെമ്പ്രക്കണ്ടി പൊതുവാർക്കിൽറോഡ് കോൺക്രീറ്റിംഗ് | 116/21-22 | 499172 | 404260 | 8085 |
| 7 | RC/347089 ഇടിക്കുണ്ട് ചാതോറ റോഡ് കോൺക്രീറ്റിംഗ് | 129/21-22 | 499062 | 404274 | 8085 |

| | | | | | |
|---|---|---|---|---|---|
| 8 | RC/363094 മച്ചൂർമല പുതിയയിൽ റോഡ് കോൺക്രീറ്റിംഗ് | 143/21-22 | 499742 | 407549 | 8151 |
| 9 | RC/346962 കണ്ണിരട്ടി ഒടോക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 140/21-22 | 499160 | 404308 | 8086 |
| 10 | AV/276189 ചാലിൽ പോക്കീൽ വെളിയങ്ങോട് റോഡ് സൈഡ്കെട്ടൽ | 169/21-22 | 499742 | 348718 | 6974 |
| 11 | RC/363078 തൃക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് | 162/21-22 | 499647 | 407559 | 8151 |
| 12 | RC/346969 കണ്ണിരട്ടി വഞ്ഞേരി കുളം റോഡ് കോൺക്രീറ്റിംഗ് | 145/21-22 | 498610 | 380129 | 7603 |
| 13 | RC/363084വെളിയങ്ങോട് ചാലിൽ പോക്ക് റോഡ് കോൺക്രീറ്റിംഗ് | 156/21-22 | 499782 | 407559 | 8151 |
| | | | | ആകെ തുക | 103848 |

മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9599600 | 599 |
| വിധവാപെൻഷൻ | 10313200 | 659 |
| വാർദ്ധക്യകാല പെൻഷൻ | 13679800 | 966 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 3833000 | 243 |
| അവിവാഹിത പെൻഷൻ | 980000 | 65 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ഗ്രാമ സഭ

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ ആകെ 13വാർഡുകൾ ഉണ്ട്. 2021-22 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ വർഷത്തിൽ 1 തവണ മാത്രമേ ഗ്രാമ സഭ യോഗം ചേർന്നിട്ടുള്ളൂ. 2022 ജനവരി മാസത്തിൽ ആണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ാ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-11-2022 തീയ്യതിയിൽ 12.40 Pm സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ₹ 11798 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് എന്നിവ സംബന്ധിച്ച എ.സി.ആർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപോസിറ്റ് രജിസ്ററർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ വിവിധ മാസങ്ങളിൽ 7 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്ററർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാണ് എന്ന് വിലയിരുത്തുന്നു.

## 1-11 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളും കൃത്യമായി യോഗം ചേർന്ന് വരുന്നതായി കാണുന്നില്ല. പട്ടികജാതി വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് 17-12-21 ന് ചേർന്ന യോഗത്തിൽ ആകെ 2 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിരിക്കുന്നത് എന്ന് ആയതിന്റെ മിനുട്സ്(പേജ് 9) പരിശോധനയിൽ കാണാൻ കഴിഞ്ഞു. പട്ടികവർഗ വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് 20-10-21,17-12-21,3-1-22 എന്നീ തീയതികളിൽ ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 3-1-22 ലെ യോഗത്തിൽ ആകെ 2 പേർ മാത്രമാണ്പങ്കെടുത്തതായി കാണുന്നത്. മേൽ യോഗത്തിൽ പ്രത്യേകിച്ച് തീരുമാനങ്ങൾ ഒന്നും എടുത്തതായി കാണാൻ കഴിഞ്ഞിട്ടില്ല. 20-10-21,ലെ യോഗത്തിൽ പട്ടികവർഗ വിഭാഗങ്ങളുടെ പല വീടുകളും കാലപഴക്കത്താൽ ദ്രവിച്ചിരിക്കുകയാണെന്നും ശങ്കരൻ കണ്ടി പട്ടികവർഗ കോളനിയിൽ കുടിവെള്ള സൗകര്യമോ വൈദ്യുതിയോ ഇല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിലുള്ള പട്ടികവർഗ വികസനം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിനുട്സ് നാളിതുവരേയും എഴുതി സൂക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ യോഗം ചേരാതെ മിനുട്സ് തയ്യാറാക്കുന്നതിനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനുട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ വിവിധ പ്രവൃത്തികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നിർവഹിച്ചിട്ടില്ല. വിവിധ പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തി, സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളോടൊന്നിച്ച് ലഭ്യമാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ മോണിറ്ററിംഗ് റിപ്പോർട്ടു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകളുടെ 2021-22 വർഷത്തിൽ ചേർന്ന യോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവഹണത്തിന്റെ അവസാന കാലത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവഹണം പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-12 എഫ് ടി ഇ&ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും

തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2021-22 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | അപേക്ഷയിൽ രേ ഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|---|
| 1 | II 261F | ശശിന എൻ, രജനി എം കെ ത്രീസ്റ്റാർ ജനകീയ ഹോട്ടൽ | 3 | 500/-, 120030104185, 23-3-21 |
| 2 | IV 250 A1 | അനിൽ കുമാർ പി വി കൈരളി ഫുഡ്സ് കമ്പനി | 4 | 500/-, 121030100149, 10-5-21 |
| 3 | II 261 A | എൻ എൻ മൂസ ഒയാസിസ്- ഓയിൽ പേക്ക് ചെയ്ത് വില്പന | 3 | 1000/-, 121030100205, 24-5-21 |
| 4 | VIII 85 | സക്കറിയ എ കെ ബേക്കറി, സ്റ്റേഷണറി സ്റ്റോക്ക് ചെയ്ത് വില്പന | 3 | 500/- 121030100326, 25-6-21 |
| 5 | III 257 B | സനീഷ് പി കെ സിമന്റ്, ഹോളോ ബ്രിക്സ് | 3 | 500/-, 121030100335, 29-6-21 |
| 6 | III 296 C | വിനോദ് എം ടൈലറിംഗ് കട | 3 | 500/-, 121030100769, 13-8-21 |
| 7 | X 160 | തണലോട്ട് സലാം മരമില്ല് നടത്തുന്നതിന് | 3 | 500/- 121030100285, 18-7-21 |
| 8 | XI 194 | സനില പി ആട് വളം ശേഖരിച്ച് പൊടിച്ച് വില്പന | 3 | 500/-, 121030101943, 12-11-21 |
| 9 | VIII 94B | സുരേഷ്ബാബു കെ ജനസേവന കേന്ദ്രം | 3 | 500/-, 121030101326, 1-10-21 |
| 10 | II 162 A | യാസീൻ കെ എ മരമില്ല് നടത്തുന്നതിന് | 3 | 5000/-, 121030101366, 11-10-21 |
| 11 | I 230 A, B | സന്തോഷ് ജെ പി ബേക്കറി സാധനം നിർമ്മാണം, വില്പന | 3 | 500/-, 121030102196, 29-11-21 |
| 12 | III 84A | നിർമ്മൽ നാരായണൻ ഫർണിച്ചർ ഉല്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന | 5 | 5000/-, 121030103975, 21-2-22 |

| | | | | |
|---|---|---|---|---|
| 13 | XI 200 | ശോഭന കരിപ്പായി<br>സൈൻ ബോർഡ് നിർമ്മാണം | 2 | 500/-,<br>121030104020,<br>28-2-22 |
| 14 | VIII 386 E, F | ഡോ. ജസീറ ചോലയിൽ<br>ഡന്റൽ ക്ലിനിക്ക് | 2 | 500/-,<br>121030104065,<br>5-3-22 |
| 15 | X 106 | സുധീർകുമാർ വി വി<br>യന്ത്രങ്ങൾ ഉപയോഗിച്ച് ഫർണി ച്ചർ നിർമ്മാണം | 3 | 500/-,<br>121030104134,<br>10-3-22 |
| 16 | XI 195 | ഹരിത ടി എസ്<br>ഫർണിച്ചർ നിർമ്മിച്ച് സ്റ്റോക്ക് ചെയ്യലും വിതരണവും | 3 | 500/-,<br>121030104279,<br>26-3-22 |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/16-11-22) ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി, സി, ഇ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തിൽ ആകെ 211 അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് പഞ്ചായത്തിന്റെ വരുമാനമായ തൊഴിൽ നികുതി പൂർണ്ണമായും ലഭ്യമാകുന്നു എന്നുറപ്പുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 മൊബൈൽ ടെലഫോൺ ടവർ - വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ 3 മൊബൈൽ ടെലഫോൺ ടവറുകളാണ് ഉള്ളത്. ഇവയുടെ വസ്തുനികുതിയിനത്തിൽ നാളിതുവരെയുള്ള കുടിശ്ശികയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനിയുടെ പേര്, കെട്ടിട നമ്പർ | ഒരു അർദ്ധവർഷത്തെ നികുതി | നാളിതുവരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലി. VIII/453 | 4536 | 27216 |
| 2 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേ ഷൻസ് ലി. VIII/454 | കുടിശ്ശിക ഇല്ല | - |
| 3 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലി. XII/243D | 6166 | 12333 |
| | ആകെ | | 39549 |

കുടിശ്ശിക ഈടാക്കാൻ നാളിതുവരെയായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കിയത്- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇടീക്കുണ്ട് വനിതാ വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ഹരിത ടി എസ് എന്നവരുടെ ഫർണിച്ചർ അസംബ്ലിംഗ് യൂണിറ്റിന്റെ (വാർഡ് XI/കെട്ടിട നമ്പർ 195) 2021 മാർച്ച് മാസത്തെ വാടക തൻവർഷം ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല (മാസ വാടക ₹5750). ഈ തുക 2021-22 ൽ ഈടാക്കിയതായി വാടക രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും തുക ഒടുക്കിയതിന്റെ രശീത് നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ₹5750 കുടിശ്ശികയുടെ വിവരം 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂളിലും ₹5750 യുടെ വരവ് 2021-22 വാർഷിക

ധനകാര്യ പത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല. അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/16-11-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി -അർഹതപ്പെട്ടവരെ കണ്ടെത്തി സഹായം അനുവദിക്കുന്നില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 40514100004586, കേരള ഗ്രാമീൺ ബാങ്ക്) 01-04-21ന് ₹105633 യും 31-03-22 ന് ₹111753 യും നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് വർഷം പ്രസ്തുത നിധിയിലേയ്ക്ക് 24-9-21 ന് ₹5000 വരവ് വരുകയും 7-03-22 ന് ₹2000 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് . 7-03-22 ന് ശേഷം യാതൊരു വിധ ചെലവും നടന്നതായി കാണുന്നില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നതിന് കാരണം വിശദമാക്കുന്നതിനും ദുരിതാശ്വാസനിധി സംബന്ധിച്ച ചട്ടം 5(1) പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ ക്യാഷ് ബുക്ക്, ചട്ടം 5(3) പ്രകാരമുള്ള രസീത് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ, അന്വേഷണ റിപ്പോർട്ടുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/14-11-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ വ്യാപകമായ പ്രചാരം നൽകി ഫണ്ട് സ്വരൂപിക്കേണ്ടതും അർഹിക്കുന്നവർക്ക് സഹായം നൽകാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിക്കുന്നതിലെ അപാകങ്ങൾ

1. അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.

1996 ലെ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 7, പട്ടിക 2 പ്രകാരം സ്ഥാപനത്തെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതുമാണ്. GO(P)No.80/2017/LSGD Dtd 31.10.17 നമ്പർ ഉത്തരവിൻ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി അനുസരിച്ച് വിവിധ സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞത് ₹500 ഫീസ് ചുമത്തി ലൈസൻസ് അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്യുന്നുണ്ട്. 2021-22 വർഷത്തെ എഫ് ടി ഇ & ഒ എസ് ലൈസൻസിനുള്ള ഭൂരിഭാഗം അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തുകയോ അന്വേഷണ ഉദ്യോഗസ്ഥൻ ആയത് കണക്കാക്കുകയോ ചെയ്യാതെയാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് പെർമിഷൻ രജിസ്റ്ററിലെ ക്രമ നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ഈടാക്കിയ ഫീ ₹ |
|---|---|---|---|
| 158 | എം അഹമ്മദ് കുട്ടി | പലചരക്ക് കട | 500, 131030103156/ 30-12-21 |
| 166 | എ ജയചന്ദ്രൻ | ഗൃഹോപകരണങ്ങൾ വില്പന നടത്തുന്നതിന് | 500, 131030103428/ 13-1-22 |
| 209 | കെ മനോഹരൻ | പുകയില്ലാത്ത അടുപ്പ് സാമഗ്രികൾ ഇറക്കി വില്പന | 500, 1213014349/ 31-3-22 |

2. പുതിയ അപേക്ഷയിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുകയോ കണക്കാക്കുകയോ ചെയ്യാതെ ലൈസൻസ് അനുവദിച്ചു.

| ലൈസൻസ് പെർമിഷൻ രജിസ്റ്ററിലെ ക്രമ നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ഈടാക്കിയ ഫീ ₹ |
|---|---|---|---|
| 152 | ശ്രീന സി | ടെയ്‌ലറിംഗ് ഷോപ്പ്, | 500, |

| | | | |
|---|---|---|---|
| | | തുണിക്കച്ചവടം നടത്തുന്നതിന് | 121030103368/ 3-1-22 |

പുതിയ സ്ഥാപനം തുടങ്ങുന്നതിനുള്ള അപേക്ഷയിൽ അപേക്ഷക മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥൻ ആയത് കണക്കാക്കിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. മൂലധനനിക്ഷേപം കണക്കാക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/15-11-21) അപേക്ഷയിൽ ചേർക്കാൻ വിട്ടുപോയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപേക്ഷകൻ ചേർക്കാൻ വിട്ടുപോയാലും മൂലധനനിക്ഷേപം കണക്കാക്കി റിപ്പോർട്ട് ചെയ്യേണ്ടത് അന്വേഷണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഭാവിയിൽ ലൈസൻസ് അനുവദിക്കുമ്പോൾ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. മേൽ ഉത്തരവ് പ്രകാരം തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ ഉല്പാദന മേഖലയിലും സേവന മേഖലയിലും ഓരോ സ്ലാബിലും നിശ്ചയിച്ച കുറഞ്ഞ ലൈസൻസ് ഫീ ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ (തീരുമാനം നമ്പർ, തീയതി) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തീരുമാനമില്ലാതെ പുതിയ ഉത്തരവിൻ പ്രകാരം ലൈസൻസ് ഫീ ഈടാക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-17 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും 142443രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക 500000 മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/ ബിൽ നം., തീയതി. | ഇൻവോയിസ് നം/തീയതി. ലഭിച്ച മരുന്നുകൾ (രൂപ) | ലഭിക്കാനുള്ള മരുന്നുകൾ തുകയിൽ |
|---|---|---|---|
| 24/22<br>ആകെ അടങ്കൽ-500,000/-രൂപ<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>ആകെ ചിലവ്-5,00,000/-രൂപ | 3,00,000/-<br>1212206520104010733351/07-02-22<br>പ്രൊഫോർമ ഇൻവോയ്സ് നം PRF 1848/31-08-21 | 10646/30-12-21 62367<br>10648/30-12-22 6838<br>913/30-12-21 6131<br>14373/04-03-22 41836<br>955/23-04-22 62179<br>1882/11-05-22 8489<br>3946/07-06-22 23875<br>3944/07-06-22 5467<br>3936/07-06-22 23875 | 58943 |

| | | | |
|---|---|---|---|
| | 2,00,000/-<br>121220652010400412490/15-09-21<br>പ്രൊഫോർമ ഇൻവോയ്സ് നം PRF 4858/18-01-22 | 14990/26-10-22<br>6337<br>3997/08-06-22<br>2443<br>3957/07-06-22<br>19666<br>3473/02-06-22<br>44027<br>3472/02-06-22<br>44027 | 83500 |
| | ലഭ്യമായ മരുന്ന് (തുക രൂപയിൽ) | 357557 | |

മറ്റ് അപാകതകൾ

മരുന്നുകൾ ഡിപ്പാർട്ട്മെൻറ് മുഖേന ലഭ്യമല്ല എന്ന് തെളിയിക്കുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല .

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് 14-11-2022 ന നൽകിയ 1 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകൾ ഡിപ്പാർട്ട്മെൻറ് മുഖേന വാങ്ങിക്കുന്നതിന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ല എന്നും മുഴുവൻ തുകക്ക് ഉള്ള മരുന്നുകൾ ഒന്നിച്ച വിതരണം ചെയ്യാറില്ല എന്നുമാണ്അറിയിച്ചിട്ടുള്ളത്. മേൽ മറുപടി തൃപ്തികരമല്ല. പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങിക്കുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മരുന്ന് വിതരണം ഘട്ടം ഘട്ടമായി നടക്കുന്നതിനാൽ വലിയ അളവിൽ കാലതാമസം വന്നിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുവാൻ കാലതാമസം വരുന്നുണ്ട് എങ്കിൽ Kmscl കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. മരുന്നിന ഉള്ള തുക മുഴുവനും മുൻകൂർ നൽകിയിട്ടും മരുന്ന് വിതരണത്തിൽ കാലതാമസം വരുന്നത് ആശ്വാസകരമല്ല. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി (സ്പിൽ ഓവർ)- ചെലവ് രേഖകൾ ലഭ്യമല്ല ₹221744 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 132/22, ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി (S/O) |
| അടങ്കൽ | ₹400000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹383894 ജില്ലാ പഞ്ചായത്ത് വിഹിതം |
| CHQ നമ്പർ/തിയതി | JC/5446732/12-07-2021 ( ₹162150) |

1) മേൽ പദ്ധതിക്ക് സുലേഖ സോഫ്റ്റ്വെയർ പ്രകാരം ₹ 383894 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചപ്പോൾ ₹221744 രൂപയുടെ ചെലവിന് നിദാനമായ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന് കണ്ടെത്തി. ഇത് സംബന്ധിച്ച് 14-11-2022 ന നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയെങ്കിലും ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ₹221744 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി-(പുതിയത്) ചെലവ് രേഖകൾ ലഭ്യമല്ല 92738 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 21/22, ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി |
| അടങ്കൽ | ₹325000 വികസന ഫണ്ട് ജനറൽ<br>₹ 550000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : 875000 |
| ചെലവ് | ₹ 325000 |
| ബിൽ നമ്പർ/തിയതി | 121220652010400797208/17-12-2021 ₹ 38430<br>121220652010400697798/24-11-2021 ₹64860<br>121220652010400442191/15-09-2021 ₹ 4500<br>121220652010400408952/14-09-2021 ₹ 19612<br>121220652010400295727/12-08-2021 ₹32430<br>121220652010400282908/10-08-2021 ₹ 40000<br>121220652010400249490/28-07-2021 ₹ 32430<br>ആകെ : 232262 |

ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി യുടെ നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) മേൽ പദ്ധതിക്ക് സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം ₹ 325000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചപ്പോൾ 92738 രൂപയുടെ ചെലവിന് നിദാനമായ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന് കണ്ടെത്തി. ഇത് സംബന്ധിച്ച് 14-11-2022 ന നൽകിയ 4 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയെങ്കിലും ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ 92738 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി (സ്പിൽ ഓവർ)- വിനിയോഗ വിവരം ലഭ്യമല്ല. 170862 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 131/22, ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി |
| അടങ്കൽ | ₹170862 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹ 170862 ജില്ലാ പഞ്ചായത്ത് വിഹിതം |

മേൽ പദ്ധതിക്ക് സുലേഖ സോഫ്റ്റ്വെയർ പ്രകാരം ₹ 170862 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ടി ചെലവിന് നിദാനമായ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല ടി ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 14-11-2022 ന നൽകിയ 5-ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ആയതു പ്രകാരം ബിൽ മേൽ തുകക്ക് KMSCL ന് മുൻകൂർ തുക നൽകിയതിന്റെ പ്രൊഫോർമ ഇൻവോയ്സ് എന്നീ രേഖകൾ ലഭ്യമാക്കി. എന്നാൽ KMSCL ൽ നിന്നും മേൽ തുകക്ക് ഉള്ള മരുന്നുകൾ / ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയതായി ഉള്ള വിവരങ്ങൾ ലഭ്യമല്ല ആയതിനാൽ ₹ 170862 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-21 മഴക്കാല പൂർവ ശുചീകരണം-വിനിയോഗ വിവരം ലഭ്യമല്ല 2,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി എച്ച് സി

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2,60,000 രൂപ ശുചിത്വമിഷൻ ഫണ്ട്, മെഡിക്കൽ ഓഫീസർ പി എച്ച്സി 13 വാർഡുകളിലെ വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക്നമ്പർ JC 5446733/02-09-21). വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്ക് ഓരോ വാർഡിനും 20,000 രൂപ വീതം ചെലവഴിക്കുന്നതിനാണ് തുക കൈമാറിയത്. എന്നാൽ മേൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ വിവരം, വരവ് ചെലവ് കണക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്, സബ് വൗച്ചറുകൾ എന്നിവ ഫയലിൽ ലഭ്യമല്ല . മേൽ തുക വിനിയോഗിച്ചതിന്റെ എല്ലാ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 14-11-2022 ന നൽകിയ 8 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.ആയതു പ്രകാരം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി വർഷം - 2,60,000 രൂപ 13 വാർഡുകൾക്കായി വിതരണം ചെയ്തു നൽകിയിട്ടുണ്ട് എന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. മേൽ തുക വിതരണം ചെയ്തു നൽകി എന്നല്ലാതെ ടി തുക മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് വിനിയോഗിച്ചോ എന്നുള്ള വിവരം മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ സാനിറ്റേഷൻ കമ്മറ്റികൾ ലഭ്യമാക്കിയ വിനിയോഗ വിവരം, വരവ് ചെലവ് കണക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, സബ് വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ടി വിവരങ്ങൾ ലഭ്യമല്ല ആയതിനാൽ 2,60,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല

| | |
|---|---|
| പ്രോജക്ട് | 85/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | ₹310000/- വികസന ഫണ്ട്<br>₹500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1000000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹310000/- വികസന ഫണ്ട്<br>₹76935 /- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹54000/- ജില്ലാ പഞ്ചായത്ത് വിഹിതം |

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22സാമ്പത്തിക വർഷം ആവിഷ്കരിച്ച ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (310000 രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതവും (500000 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതവും (1000000 രൂപ) ഉൾപ്പെടെ 1810000രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 54000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 76935 രൂപയും മാത്രമാണ് ലഭിച്ചത്. ആയതിനാൽ തില്ലങ്കേരി, പടിക്കച്ചാൽ എന്നീ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ 2021ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ. സംയുക്തപദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമാകാത്തതിനാൽ 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ കാലയളവിലെ സബ്സിഡി നൽകാനായിട്ടില്ല. സംയുക്ത പദ്ധതി മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 14-11-2022 ന നൽകിയ 29 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത് പ്രകാരം ഇത് സംബന്ധിച്ച നിർദേശം തദ്ദേശ ഭരണ

സ്ഥാപങ്ങൾക്ക് നൽകുന്നതാണ് എന്നാണ് . ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അർഹമായ മുഴവൻ കാലയളവിലേക്കും നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-23 ആർജിതാവധി സറണ്ടർ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.രമേശ് പി കെ അസിസ്റ്റന്റ് സെക്രട്ടറി | 22100132/04-06-2021 | 59829 |
| 2 | ശ്രീ .ബാലകൃഷ്ണൻ കെ കെ ഹെഡ് ക്ലർക്ക് | 22100132/04-06-2021 | 58386 |
| 3 | ശ്രീ. മോഹനൻ എൻ അക്കൗണ്ടന്റ് | 22100132/04-06-2021 | 51837 |
| | | 22100186/01-07-2021 | 1221 (സറണ്ടർ കുടിശ്ശിക) |
| 4 | ശ്രീ. ശരത്ത് കിഴക്കയിൽ സീനിയർ ക്ലർക്ക് | 22100132/04-06-2021 | 49395 |
| 5 | ശ്രീ അൻവർ സാദത്ത് കെ കെ ക്ലർക്ക് | 22100132/04-06-2021 | 44733 |
| 6 | ശ്രീ. റിനേഷ് കെ എം ക്ലർക്ക് | 22100132/04-06-2021 | 42513 |
| 7 | ശ്രീമതി രജിത എം കെ ക്ലർക്ക് | 22100132/04-06-2021 | 31909 |
| 8 | ശ്രീ.അശോകൻ മലപ്പിലായി സെക്രട്ടറി | 22100241/16-07-2021 | 85692 |

വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ്, സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നല്കിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/14-11-2022) ആർജിതാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് 2021 മെയ് 31 വരെയാണ് ഉണ്ടായതെന്നും 26-07-2021 തീയതിയിലാണ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ ചെയ്തവരുടെ കാര്യത്തിൽ സർക്കാറിന്റെ തുടർ നിർദ്ദേശത്തിന് അനുസരിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 സർക്കാർ നിർദ്ദേശത്തിന് അനുസരിച്ചല്ലാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് - സർക്കാറിന്റെ തുടർ നിർദ്ദേശങ്ങൾ അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൗച്ചർ നമ്പർ തീയതി തുക 22100232/14-07-2021 ₹153092

വൗച്ചർ നമ്പർ തീയതി തുക 22100233/14-07-2021 ₹201923

| ക്രമ നമ്പർ | പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.അശോകൻ മലപ്പിലായി | സെക്രട്ടറി | 69622 |

| | | | |
|---|---|---|---|
| 2 | ശ്രീ. രമേഷ് പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 44639 |
| 3 | ശ്രീ, റിനേഷ് കെ എം | ക്ലർക്ക് | 32430 |
| 4 | ശ്രീമതി രജിത എം കെ | ക്ലർക്ക് | 22198+2467(nps) |
| 5 | ശ്രീ മനീഷ് കെ | ഓഫീസ് അറ്റന്റന്റ് | 17014+1890 (Nps) |
| 6 | ശ്രീ .കെ പി കുഞ്ഞികണ്ണൻ | പാർട്ട് ടൈം റോഡ് കീപ്പർ | 16020 |
| 7 | ശ്രീ ബാലകൃഷ്ണൻ കെ കെ | ഹെഡ് ക്ലർക്ക് | 43512 |
| 8 | ശ്രീ മോഹനൻ എൻ | അക്കൗണ്ടന്റ് | 38219 |
| 9 | ശ്രീ .ശരത്ത് കിഴക്കയിൽ | സീനിയർ ക്ലർക്ക് | 36610 |
| 10 | ശ്രീ .അൻവർ സാദത്ത് കെ കെ | ക്ലർക്ക് | 34751 |

ജി.ഒ(പി)27/2021/ധന തീയതി 10-02-2021 പ്രകാരം 01/2020മുതൽ 02/2021 വരെയുള്ള പുതുക്കിയ ശമ്പള സ്കെയിലിൽ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് 2021 ഏപ്രിൽ മാസം അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 01/2020 മുതൽ 32% കുടിശ്ശികയും 07/2020 മുതൽ 36% കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്. ഇത് കാരണം ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയിനത്തിൽ (-) തുകയാണ് ലഭിക്കുക. ക്ഷാമബത്തയിനത്തിൽ കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിച്ചു.

(2) ജി.ഒ(പി)25/2021/ധന തീയതി 08-02-2021, ഖണ്ഡിക 43 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികക്ക് 25% ന്റെ 4 ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 തീയതികളിൽ പി എഫിൽ ലയിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അനുമതി ലഭിക്കുന്നതിന് മുന്നേ തുക പി എഫിൽ ലയിപ്പിച്ചു.

(3) ജീവനക്കാരുടെ ശമ്പള നിർണയ പത്രിക ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/15-11-2022) ക്ഷാമബത്ത കുടിശ്ശിക 2021 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം പി എഫിൽ ലയിപ്പിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പിഎഫിൽ ലയിപ്പിച്ചതെന്ന് സെക്രട്ടറിയുടെ മറുപടി ക്ഷാമബത്തയിനത്തിൽ കുടിശ്ശിക ഇല്ലാത്തതിനാൽ തൃപ്തികരമല്ല. സർക്കാറിന്റെ തുടർ നിർദ്ദേശത്തിന് അനുസരിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 കുടിവെള്ള വിതരണം - ആദായനികുതി കുറവ് ചെയ്യേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 52/2022 കുടിവെള്ള വിതരണം |
| അടങ്കൽ | ₹145271 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹145271 |
| ബിൽ നമ്പർ തീയതി തുക ( എ.സി.ആർ പ്രകാരം ) | 115/10-11-2021 ₹145271 |
| കരാറുകാരൻ | പ്രശോഭ് സി കാക്കയങ്ങാട് |

ഗ്രാമപഞ്ചായത്തിൽ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ശ്രീ.പ്രശോഭ് സി കാക്കയങ്ങാട് എന്നവർക്ക് കിലോമീറ്ററിന് 69 രൂപ നിരക്കിൽ 2105.37 കിലോമീറ്ററിന് 145271 രൂപ അനുവദിച്ചിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുംബം / വ്യക്തികൾ എന്നിവർക്ക് ഒരു ശതമാനവും

മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. ഇതു പ്രകാരം 30000/- രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്നതോ സേവനങ്ങൾക്ക് പ്രതിഫലം കൈപ്പറ്റുന്നതോ ആയ സന്ദർഭങ്ങളിൽ ഇൻവോയ്സ് /ബില്ലിൽ കാണിച്ചിരിക്കുന്ന തുകയിൻമേൽ ബാധകമായ നിരക്കിൽ ആദായനികുതി റിക്കവറി നടത്തി അടവാക്കേണ്ടതാണ്. വാഹനവാടകയിനത്തിൽ ശ്രീ പ്രശോഭ് സി കാക്കയങ്ങാട് എന്നവർക്ക് 2021-2022 വർഷത്തിൽ 145271 -രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി ഇനത്തിൽ 1453 രൂപ ഈടാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35 / 15 -11 – 2022 ) ആദായ നികുതി ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആദായനികുതി ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പര്, പേര് | 130/22, ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ |
| അടങ്കൽ ₹5,71,750 | ₹271292 ധനകാര്യകമ്മിഷൻ ഗ്രാന്റ് |
| | ₹300458 കേന്ദ്രാവിഷ്കൃതഫണ്ട് |
| ചെലവ് ₹ 429226 | ₹128768 (ചെക്ക് നമ്പർ 271192/17-03-2022)<br>₹300458 ( വൗച്ചർ നമ്പർ 52100765/17-03-2022) |
| വിതരണക്കാരൻ | കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് |

പ്രോജക്ട് പ്രകാരം ഹരിതകർമ്മ സേനക്ക് മുചക്രവാഹനം വാങ്ങിയതിന് 429226 രൂപ ചെലവഴിച്ചിട്ടുണ്ട്. 2.5 ലക്ഷത്തിൽ അധികം വരുന്ന വാങ്ങലുകൾക്ക് 2% നിരക്കിൽ ജി.എസ്.ടി സ്രോതസിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മുഴുവൻ തുകയും (429226) സ്ഥാപനത്തിന് അനുവദിക്കുകയാണ് ചെയ്തത്. ജി എസ് ടി ഈടാക്കാതെ തുക അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/15-11-2022) മറുപടി നൽകിയിട്ടില്ല. ടി.ഡി.എസ് ഇനത്തിൽ 8585 രൂപ ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 വികസനഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ചെലവ് നടത്തി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട്നമ്പർ, പേര് | 148/22, പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ചെലവ് |
| അടങ്കൽ | ₹67216 വികസനഫണ്ട് (ജനറൽ) |
| ചെലവ് ₹ 55525 | ₹17216 ( 118/12-11-2021)<br>₹19361 (175/11-01-2022)<br>₹9842( 209/19-02-2022)<br>₹9106( 243/17-03-2022) |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ അനുവദിച്ച 48,47,268 രൂപയിൽ 34,61,233 മാത്രമാണ് തൻവർഷം ഉപയോഗിച്ചത് 13,86,035 വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. ജി.ഒ.(എം.എസ്) 330/2004 ത.സ്വ.ഭ.വ തീയതി 09-12-2004 പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനചെലവ് നടത്തേണ്ടത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണ്. ഇത് കൂടാതെ മെയിന്റനൻസ് റോഡിതര ഫണ്ടിന്റെ 10% പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാമെന്നിരിക്കെ വികസന ഫണ്ട് ഉപയോഗിച്ചാണ് പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ചെലവ് പ്രോജക്ട് നടപ്പാക്കിയത്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/15-11-2022) തനത്ഫണ്ട് അപര്യാപ്തമായതിനാലാണ് വികസന ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും സർക്കാർ നിർദ്ദേശാനുസരണം ഫണ്ടുകൾ വിനിയോഗിക്കേണ്ടതുമാണ്.

## 1-28 ഹൈമാസ്റ്റ് ലൈറ്റ് എ എം സി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 183/22 തില്ലങ്കേരി ടൗണിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ എ.എം.സി |
| അടങ്കൽ | ₹1,00,000 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹1,00,000 (269/24-03-2022) |

| | |
|---|---|
| കരാറുകാരൻ | സിൽക്ക് (സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്) |

പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) തില്ലങ്കേരി ടൗണിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ എ.എം.സിയിനത്തിൽ മുഴുവൻ തുകയും മുൻകൂറായി നൽകി 2)വികസനഫണ്ട് എ.എം.സി ഇനത്തിൽ നൽകി

3) ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുംബം / വ്യക്തികൾ എന്നിവർക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2ശതമാനം നിരക്കിലുമാണ്. എന്നാൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട തുക 1000/- രൂപ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 ആന്വൽ മെയിന്റെനൻസ് കോൺട്രാക്റ്റിലെ അപാകങ്ങൾ

പഞ്ചായത്തിലെ കമ്പ്യൂട്ടർ, പ്രിന്റർ, സർവർ കമ്പ്യൂട്ടർ എന്നിവയുടെ എ.എം.സി നൽകിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയതി | തുക | ഇനം / കരാറുകാരൻ | അപാകങ്ങൾ |
|---|---|---|---|---|
| 1 | 22100934/23-03-2022 | 21240 | സർവർ കമ്പ്യൂട്ടർ എ.എം.സി.<br>ക്ലൗഡ് വിഷൻ തലശ്ശേരി | 1- പ്രോജക്റ്റിന്റെ ഭാഗമായല്ലാതെ തുക ചെലവ് ചെയ്തു.<br>2- മുഴുവൻ തുകയും മുൻകൂർ നൽകി |
| 2 | 22100935/23-03-2022 | 40474 | കമ്പ്യൂട്ടർ, പ്രിന്റർ എ.എം.സി.<br>ക്ലൗഡ് വിഷൻ തലശ്ശേരി | 1- പ്രോജക്റ്റിന്റെ ഭാഗമായല്ലാതെ തുക ചെലവ് ചെയ്തു.<br>2- മുഴുവൻ തുകയും മുൻകൂർ നൽകി<br>3- ആദായ നികുതി ഈടാക്കിയിട്ടില്ല. |

അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 ഡഫേർഡ് സാലറി തിരികെ നൽകിയതിൽ എൻ.പി.എസ് വിഹിതം ഈടാക്കിയിട്ടില്ല.

സർക്കുലർ നമ്പർ 71/2021/ധന തീയതി 03-09-2021 പ്രകാരം ഡഫേർഡ് സാലറി തിരികെ നൽകുമ്പോൾ ജീവനക്കാർ 2020 മാർച്ച് മാസം എത്രയായിരുന്നു എൻ. പി .എസ് കോൺട്രിബ്യൂഷൻ അടവാക്കിയിരുന്നത് പ്രസ്തുത തുക തന്നെ ഡഫേർഡ് സാലറിയുടെ അവസാന ഗഡുവിൽ നിന്ന് കുറവ് ചെയ്ത് തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ ഏക്കൗണ്ടിൽ നൽകിയശേഷം ബാക്കിതുക ജീവനക്കാർക്ക് നൽകേണ്ടതു് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന് ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം ഈടാക്കാതെയാണ് ഡഫേർഡ് സാലറി അവസാന ഗഡു നൽകിയത്.

| ക്രമ നമ്പർ | പേര് തസ്തിക | 2020 മാർച്ചിലെ എൻ പി എസ് വിഹിതം |
|---|---|---|
| 1 | ശ്രീമതി രജിത എം കെ ക്ലർക്ക് | 2400 |
| 2 | ശ്രീ മനീഷ് കെ ഓഫീസ് അറ്റന്റന്റ് | 1980 |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/14-11-2022) എൻ പി എസ് വിഹിതം ഈടാക്കി ഒടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത്വിഹിതം ഉൾപ്പെടുത്തി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ടാർ ബാരലിന്റെ വില 1904 രൂപ മെയിന്റയിനൻസ് റോഡ് ഫണ്ടിലേയ്ക്കും ജി എസ് ടി

ഇനത്തിൽ ഈടാക്കേണ്ട തുകയായ 343രൂപ ജി എസ് ടി ഫണ്ടിലും ഒടുക്ക വരുത്തേണ്ടതാണ്.

താഴെകാണിച്ച പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില കുറവ് വരുത്തിയിരുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 109/22 |
| പേര് | ആലാച്ചി മച്ചൂർമല റോഡ് ടാറിംഗ് |
| ഫണ്ടിനം | മെയിന്റയിനൻസ് റോഡ് |
| എസ്റ്ററിമേറ്റ് തുക | 432000 |
| കരാറുകാരന്റെ പേര് | യു.അനന്തൻ |
| കരാർ ഉടമ്പടി നമ്പർ | AE/LSGD/TGP/23/20-21 9-9-20 |
| എം.ബുക്ക് നമ്പർ | 33/20-21 |
| ബിൽനമ്പരും തീയതിയും തുകയും | 10300109958 – 8-6-21 – ₹110868<br>103011064731 – 10/2/21 - ₹320805 |

എം.ബുക്ക് നമ്പർ 33/20-21 പേജ് 15 പ്രകാരം 8 ബാരൽ ടാർ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടാർ ബാരലിന്റെ വില ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്, എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/10-11-22 ന് മറുപടിയായി 1904(8*238) രൂപ 14-11-22 ന് രശീതി നമ്പർ 1220102506/G131004 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽതുക മെയിന്റയിനൻസ് റോഡ് ഫണ്ടിലേയ്ക്ക് ഒടുക്ക വരുത്തേണ്ടതാണ്. കൂടാതെ മേൽ തുകയുടെ 18% ജി എസ് ടി ഇനത്തിൽ ഈടാക്കേണ്ട തുകയായ 343രൂപ ജി എസ് ടി ഫണ്ടിലും ഒടുക്ക വരുത്തേണ്ടതാണ്.

## 1-32 ഭരണസമിതി തീരുമാനമോ സപ്ലിമെന്ററി എഗ്രിമെന്റോ തയ്യാറാക്കാതെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 111/22 |
| പേര് | പള്ള്യം വയോജന വിശ്രമ കേന്ദ്രം നിർമാണം |
| ഫണ്ടിനം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| എസ്റ്ററിമേറ്റ് തുക | 1400000 |
| പി എ സി തുക | 1222346 |
| കരാറുകാരന്റെ പേര് | യു.അനന്ദൻ |
| കരാർ ഉടമ്പടി നമ്പർ | AE/LSGD/TGP/31/19-20 12/6/2020 |
| ബിൽനമ്പരും തീയതിയും തുകയും | പാർട്ട് ബിൽ തുക 477997<br>28/1/22 880976 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രസ്തുത പ്രവൃത്തിയുടെ കരാർ ചമച്ചിരിക്കുന്നത് 12/6/2020 ന് മാത്രമാണ്. എന്നാൽ ആയതിന് പിഴ ഈടാക്കിയിട്ടില്ല.

2) 11/5/21 നകം പൂർത്തീകരിക്കേണ്ടുന്ന പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 6/9/21 ന് മാത്രമാണ്. എന്നാൽ പിഴ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. പിഴ ഈടാക്കാതെ കരാർ ചമയ്ക്കാനും കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഒഴിവാക്കി നൽകാനുമായി ഭരണ സമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/10-11-22) മറുപടിയായി കോവിഡ് രോഗവ്യാപനത്തി ന്റെ പശ്ചാത്തലത്തിലാണ് പിഴ ഒഴിവാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ അറിവോട് കൂടിയല്ലാതെ പിഴ ഒഴിവാക്കി നൽകുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഭരണസമിതി തീരുമാനവും സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയും മാത്രമാണ് മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കാവുന്നത്. ഇക്കാര്യം തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ജി.എസ്.ടി.തുകയുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്.

കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമ്പർ 20 /17 ഇൻറഗ്രേറ്റഡ് ടാക്സ് (റേറ്റ്) തീയതി 22 /8 /17 പ്രകാരം ഗവൺമെന്റുമായി ബന്ധപ്പെട്ടു നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 12% ജി എസ് ടി ചുമത്താവുന്നതാണ്. 2017-ലെ ജി.എസ്.ടി. കേന്ദ്ര നിയമം ഖണ്ഡിക 31(2) പ്രകാരം എല്ലാ സേവന പ്രവൃത്തികൾക്കും നിയമാനുസൃത ജി.എസ്.ടി. അടവുവരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. 2.5 ലക്ഷത്തിന് മുകളിൽ പ്രവൃത്തി മൂല്യം വരുന്ന കരാർ പ്രവൃത്തികളിൽ ഉറവിടത്തിൽ നിന്നും ജി.എസ്.ടി. കുറവ് വരുത്തുന്നതുമൂലം കരാറുകാരൻ മുഴുവൻ ജി.എസ്.ടി.-യും ഒടുക്കാമെന്ന് ഉറപ്പ് വരുത്താൻ കഴിയും. എന്നാൽ ഉറവിടത്തിൽ നിന്നും നികുതി കുറവ് ചെയ്യേണ്ടതില്ലാത്ത 2.5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളിലും 12% ജി.എസ്.ടി. അനുവദിക്കുന്നതിനാൽ ജി.എസ്.ടി.യുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ആയത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്ടിന്റെ പേര് | ബിൽ നമ്പരും തീയതിയും തുക | 12% ജി. എസ്.ടി അനുവദിച്ചത് | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | 4/22 | പള്ള്യം അംഗൻവാടി നവീകരണം | 10300182558 തീ - 5-8-21 128674 | 13786 | പ്രകാഷ്.പി.എസ് |
| 2 | 58/22 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റും വിഭജനം | 10300897075 6-1-22 85055 | 75941 9113 | ബിജു.എം |
| 3 | 140/22 | എം സി എഫ് ഗേറ്റ് നിർമാണം | 24-12-21 217316 | 194031 23284 | സിജു.എം |
| 4 | 117/22 | ടെയ്ക്ക് എ ബ്രെയ്ക്ക് -ടോയ് ലെറ്റ് നിർമാണം | 28-1-22 150419 | 142199 17063 | റൗഫ്.സി.പി |
| 5 | 102/22 | കാവുമ്പാടി സ്കൂൾ മെയിന്റൻസ് | 10300273579 6-8-21 120285 | 107397 12888 | ബിജു.എം |
| 6 | 157/22 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പോണ്ട് വാൾ മെയിന്റനൻസ് | 25-3-22 56018 | 50015.97 6002 | സിജു.എം |
| 7 | 64/22 | ആലയാട് അംഗൻ വാടി മെയിന്റനൻസ് | 103101022539 28-1-22 159264 | 142199.94 17064 | റൗഫ്.സി.പി |

മേൽ പ്രവൃത്തികളുടെ ജി.എസ്.ടി. ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/10-11-22 ന് മറുപടിയായി ആയത് പരിശോധിക്കേണ്ടതിന്റെ ആവശ്യമില്ല എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ടി ഡി എസ് ഈടാക്കാത്ത സംഗതികളിൽ 12% ജി എസ് ടി തുക കരാറുകാരന് നൽകുന്നത് കൃത്യമായി ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നുണ്ടോയെന്ന് തുക നൽകുന്ന സ്ഥാപനം ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ 2.5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളിലും 12% ജി.എസ്.ടി. അനുവദിക്കുന്നതിനാൽ ജി.എസ്.ടി.യുടെ ഒടുക്ക് ഉറപ്പ് വരുത്തുവാൻ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2021-22 | 14-11-22&15-11-22 | കെ.എസ്.എ/കെ.എൻ.ആർ/സി10/1630/22 തീയതി - 15.02.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| സ്ഥാപനം | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ലൈഫ് പദ്ധതി (പട്ടികജാതി വിഭാഗം) | 0 | 190000 | 190000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ലൈഫ് പദ്ധതി (പട്ടികവർഗ വിഭാഗം) | 0 | 400000 | 400000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി | 0 | 170862 | 170862 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ജനസൗഖ്യ പാലിയേറ്റിവ് പരിചരണ പദ്ധതി | 0 | 383894 | 383894 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 0 | 225000 | 225000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 0 | 225000 | 225000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലുത്പാദക ഇൻസെന്റീവ് | 0 | 95865 | 95865 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലുത്പാദക ഇൻസെന്റീവ് | 0 | 54000 | 54000 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ തുക | | 1744621 | 1744621 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് പദ്ധതി (പട്ടികജാതി വിഭാഗം) | 0 | 200000 | 200000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് പദ്ധതി (പട്ടികവർഗ വിഭാഗം) | 0 | 200000 | 200000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | പച്ചക്കറികൃഷിയ്ക്ക് കൂലി ചെലവ് വിതരണ പദ്ധതി | 0 | 20000 | 20000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം | 0 | 241134 | 241134 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലുത്പാദക ഇൻസെന്റീവ് | 0 | 76935 | 76935 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | പള്ള്യം വയോജന വിശ്രമകേന്ദ്രം നിർമാണം | 0 | 880976 | 880976 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 0 | 250000 | 250000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | പൊതുശ്മശാനം അടിസ്ഥാന സൗകര്യ വികസനം | 0 | 323565 | 323565 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | തില്ലങ്കേരി അംഗൻവാടി നിർമാണം | 0 | 500000 | 500000 | 0 |
| | ആകെ തുക | 0 | 2692610 | 2692610 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ/പേര് | ബില്ല് / വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 2021-22 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | XVFC/2021-22/P/22 | 932023 | 930700 | 1323 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കവാൻ ബാക്കി തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടവ് തുക | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| KUDFC ലോൺ | ലഭ്യമല്ല | 6902666 | ഇല്ല | 498667 | 6403999 |

വായ്പ ലഭിച്ച തുക, തിരിച്ചടവ് തുക ബാക്കി തുക എന്നിവ കൃത്യമായി വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീതി |
|---|---|---|---|---|

| വർഷം | | തുക | പേര്,ഉദ്യോഗപ്പേര് | നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | 5-8 | 5000 | വെറ്റിനററി സർജൻ | 121030103293 4-1-2022 |
| 2010-11 | 3-18 | 20000 | CDS ചെയർ പേഴ്സൺ | 121030101845 6-11-21 |
| | ആകെ തുക | 25000 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതഓഡിറ്റ്റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | - | 2013-14 | 5.3.10 | കുടുംബശ്രീയും വ്യവസായ /തൊഴിൽ സംരംഭങ്ങളും | തുടരുന്നു |
| 2008-09 2012-13 | - | 2013-14 | 5.3.16 | സർക്കാർ ഉത്തരവ്/സബ്സിഡി മാർഗരേഖകൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുന്നു | തുടരുന്നു |
| 2011-12 2012-13 | - | 2013-14 | 6-1-2 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല | തുടരുന്നു |
| 2014-15 | 2-2 | 2016-17 | 1 | വസ്തു നികുതി | തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49767598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50469749 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 745344 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-18 | 221744 | ഡോ. ചഷ്മ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-19 | 92738 | ഡോ. ചഷ്മ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-20 | 170862 | ഡോ. ചഷ്മ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-21 | 260000 | ഡോ. ചഷ്മ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ തുക | 745344 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 1-6-1 | 103848 | ജി എസ് ടി |
| 1-25 | 1453 | ആദായനികുതി |
| 1-26 | 8585 | ജി എസ് ടി |
| 1-28 | 1000 | ആദായനികുതി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ചഷ്മ, മെഡിക്കൽ ഓഫീസർ, പി എച്ച് സി. | എഫ്.എച്ച്.സി തില്ലങ്കേരി | ഗ്രിഫിൽ, വായന്തോട്, മട്ടന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 1 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി10/1284/2022 തീ.03.09.2022 അദാലത്ത് റിപ്പോർട്ട് | 3 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.10/104/2022 തീ. 5-3-2022 | 17 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ./സി.10/105/2022തീ. 11.03.2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## RECEIPT & PAYMENT STATEMENT

| Thillankeri Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6674430.30 |
| Cash | Cash | RP-40(a) | 26679.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 486580.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1850.00 |
| 140000000 | Fees & User Charges | RP-4 | 945030.00 |
| 150000000 | Sale & Hire Charges | RP-5 | 93242.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31149316.00 |
| 171000000 | Interest Earned | RP-9 | 81001.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12590520.00 |
| 350000000 | Other Liabilities | RP-36 | 161081.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 14920.00 |
| 340000000 | Deposits Received | RP-34 | 243589.00 |
| 350000000 | Other Liabilities | RP-36 | 168837.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3831632.00 |
| | Grand total | | 56468707.30 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 4255849.00 |
| 220000000 | Administrative Expenses | RP-12 | 426602.00 |
| 230000000 | Operations & Maintenance | RP-13 | 907189.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3575013.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13478084.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1960216.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1617393.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 121400.00 |
| 255000000 | Maintenance Projects | RP-20 | 4861279.00 |
| 280000000 | Prior Period item | RP-26 | 85815.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 392707.00 |
| 350000000 | Other Liabilities | RP-36 | 8267458.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 9479.00 |
| 280000000 | Prior Period Item | RP-26 | -8960.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 143465.00 |
| 350000000 | Other Liabilities | RP-36 | 3180301.00 |
| 410000000 | Fixed Assets | RP-38 | 2042773.00 |
| 412000000 | Capital work in Progress | RP-40 | 2772762.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 603301.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1775623.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5957746.30 |
| Cash | Cash | RP-40(b) | 41212.00 |
| | Grand Total | | 56468707.30 |

## അനുബന്ധം-3-2

## INCOME & EXPENDITURE STATEMENT

Thillankeri Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2553014.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 92428.00 |
| 140000000 | Fee & User Charges | I-4(b) | 1065630.00 |
| 150000000 | Sale & Hire Charges | I-5(b) | 93566.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 122371510.00 |
| 171000000 | Interest Earned | I-8 | 81001.00 |
| | Total Income | | 126257149.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11843674.00 |
| 220000000 | Administrative Expenses | I-11(b) | 426602.00 |
| 230000000 | Operations & Maintenance | I-12(b) | 1108639.00 |
| 240000000 | Interest & Finance Charges | I-13 | 9479.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6294385.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 56973290.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2015741.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1978773.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38527000.00 |
| 255000000 | Maintenance Projects | I-14(e) | 4861279.00 |
| 270000000 | Provisions and Write off | I-16 | 1600.00 |
| 272000000 | Depreciation | I-17(a) | 5995227.00 |
| | Total Expenditure | | 130035689.00 |
| | Gross Surplus/ Deficit of income over Expenditure | | -3778540.00 |
| 280000000 | Prior Period Item | I-18 | -364329.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3414211.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## BALANCE SHEET

| Thillankeri Grama Panchayat BALANCE SHEET<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | -5870226.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 118553.00 |
| 312000000 | Reserves | B-3 | 52570676.00 |
| | Total Reserve & Surplus | | 46819002.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5112690.50 |
| | Total Grants, Contributions for Specific Purposes | | 5112690.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 6403999.00 |
| | Total Loans | | 6403999.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 516020.00 |
| 350000000 | Other Liabilities | B-9 | 1000621.00 |
| | Total Current Liabilities and Provisions | | 1516641.00 |
| | TOTAL LIABILITIES | | 59852333.30 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 80050423.00 |
| 411000000 | Accumulated Depreciation | B-11 | -28573714.00 |
| 412000000 | Capital Work in Progress | B-11(a) | 654373.00 |
| | Total Fixed Assets | | 52131082.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 626741.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 5998958.30 |
| 460000000 | Loans, Advances and Deposits | B-18 | 1095552.00 |
| | Total Current Assets, Loans and Advances | | 7721251.30 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 59852333.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ